# ഹൈറേഞ്ച് താലൂക്ക് യൂണിയൻഭരണം ഏറ്റെടുത്തു; അഡ്ഹോക്ക് കമ്മറ്റി ചാർജ്ജെടുത്തു

നിലവിലുണ്ടായിരുന്ന ഹൈറേഞ്ച് താലൂക്ക് യൂണിയൻ ഭരണസമിതി പിരിച്ചുവിട്ടുകൊണ്ട്, എൻ.എസ്.എസ്. സംഘടനാശാഖ നിബന്ധന 6-ാം വകുപ്പിൽ ആർ. ഉപവകുപ്പ് 14, 15 എന്നീ വകുപ്പുകൾ പ്രകാരവും, താലൂക്കു യൂണിയൻ നിബന്ധന 55-ാം വകുപ്പ് അനുസരിച്ചുമാണ് 2891-ാം നമ്പർ ഹൈറേഞ്ച് എൻ.എസ്.എസ്. കരയോഗയൂണിയന്റെ ഭരണം ഒരുവർഷത്തേക്ക് കരയോഗം രജിസ്ട്രാർ ഏറ്റെടുത്തത്.

ഹൈറേഞ്ച് താലൂക്ക് യൂണിയൻ ഭരണസമിതിയുടെ തിരഞ്ഞെടുപ്പു കാലാവധി രണ്ടുമാസം മുമ്പ് അവസാനിച്ചിരുന്നതാണ്.

യൂണിയൻവക സ്വത്തുക്കളുടെ കാര്യക്ഷമമായ നടത്തിപ്പിനും, കൈകാര്യകർതൃത്വത്തിനും, സംരക്ഷണത്തിനും, യൂണിയൻ ഭരണസമിതി തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനും യൂണിയന്റെ ഭരണം കരയോഗം രജിസ്ട്രാർ ഏറ്റെടുക്കുന്നതാണ് അഭികാമ്യമെന്ന് ബോദ്ധ്യപ്പെട്ടതിനാലുമാണ് അഡ്ഹോക്ക് കമ്മറ്റിയെ ചുമതലപ്പെടുത്തിയത്.

ഭരണനിർവഹണത്തിന് പി.ജി. പ്രസാദ് (പുളിക്കൽ) ചെയർമാനും എസ്. അനിൽകുമാർ, അഖിൽകൃഷ്ണൻ, സി.ആർ. വാസുദേവൻനായർ, കെ.കെ. രവീന്ദ്രൻനായർ, പി.ബി. പ്രഭാകരൻ നായർ, കെ.എൻ. സുകുമാരൻനായർ, പി.ജി. ബിനോജ് എന്നിവർ അംഗങ്ങളും, ഹൈറേഞ്ച് എൻ.എസ്.എസ്. ഇൻസ്പെക്ടർ & യൂണിയൻ സെക്രട്ടറി എക്സ് ഒഫിഷ്യോ മെമ്പറും കൺവീനറും ആയിട്ടുള്ള എട്ടംഗകമ്മറ്റിയെ 8.6.2022-ൽ നിയോഗിക്കുകയും പ്രസ്തുത കമ്മറ്റി അന്നുതന്നെ ചുമതല ഏറ്റെടുക്കുകയും ചെയ്തു.

താലൂക്ക് യൂണിയൻ വക സ്വത്തുക്കൾ കരയോഗം രജിസ്ട്രാറുടെ രേഖാമൂലമായ അനുവാദം കൂടാതെ കടപ്പെടുത്തുകയോ വിൽക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യാൻ പാടില്ല എന്ന യൂണിയൻനിബന്ധനയിലെ 53-ാം വകുപ്പ് ഭരണസമിതി ലംഘിച്ചിരിക്കുന്നു എന്ന് നേരിൽ ബോദ്ധ്യപ്പെടുകയുണ്ടായി. താലൂക്ക് യൂണിയന്റെ പേരിൽ നടപ്പിലാക്കി വരുന്ന പത്മനാഭപുരം പദ്ധതിക്ക് യൂണിയൻ പ്രസിഡന്റ് നിർബന്ധിതപിരിവ് നടത്തി കരയോഗാംഗങ്ങൾക്ക് സാമ്പത്തികബാദ്ധ്യത ഉണ്ടാക്കുന്നുവെന്ന് കാണിച്ചുള്ള കരയോഗഭാരവാഹികളുടെ പരാതികളും പിരിച്ചുവിടലിനു കാരണമായി.

നായർ സർവീസ് സൊസൈറ്റിയുടെ കീഴിൽ 60 താലൂക്ക് യൂണിയനുകൾ ഉള്ളതിൽ നേതൃത്വത്തിനോടൊപ്പം നില്ക്കുന്ന 59 താലൂക്ക് യൂണിയനുകളിൽനിന്നും വ്യത്യസ്തമായി, യൂണിയൻപ്രവർത്തനം സംബന്ധിച്ച നിബന്ധനകൾ പാലിക്കാതിരിക്കുകയും, പല കാരണങ്ങളാൽ സംഘടനയ്ക്കു പുറത്തുപോവേണ്ടിവന്ന ചിലരുമായി ചേർന്ന് സംഘടനാവിരുദ്ധപ്രവർത്തനത്തിൽ നിരന്തരം ഏർപ്പെടുകയും ചെയ്തു എന്നതും പിരിച്ചുവിടലിന് മറ്റൊരു കാരണമാണ്.

ഹൈറേഞ്ച് യൂണിയന്റെ പത്മനാഭപുരം പദ്ധതി നടപ്പാക്കുന്ന കാര്യത്തിലോ അതിനുവേണ്ടി പണം പിരിക്കുന്ന കാര്യത്തിലോ, എൻ.എസ്.എസ്സിന്റെ അനുമതി തേടുകയോ എൻ.എസ്.എസ്. അനുവാദം നല്കുകയോ ചെയ്തിട്ടില്ല എന്നത് എടുത്തുപറയേണ്ട വസ്തുതയാണ്.

ഇതാണ് യാഥാർത്ഥ്യമെന്നിരിക്കെ, പിരിച്ചുവിടപ്പെട്ട കമ്മറ്റിക്ക് നേതൃത്വം നല്കിയിരുന്നവർ ഇപ്പോൾ നടത്തുന്ന സത്യവിരുദ്ധവും അർത്ഥശൂന്യവുമായ പ്രചാരണം, സംഘടനയെ സ്നേഹിക്കുന്ന ബഹുമാന്യരായ സമുദായാംഗങ്ങൾ തള്ളിക്കളയുമെന്ന കാര്യം ഉറപ്പാണ്.